വൈകുന്നേരം 4 മണിവരെ പതിവായി രക്തശേഖരണം നടത്താറുണ്ട്. ഇതുകൂടാതെയുള്ള സമയങ്ങളിലും ഞായറാഴ്ചകളിലും രക്തശേഖരണം നടത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ഡ്യൂട്ടിയിലുള്ള ഡോക്ടർമാരുടേയും ടെക്നീഷ്യൻമാരുടേയും സേവനം 24 മണിക്കൂറും ഇതിനായി പ്രയോജനപ്പെടുത്തുന്നുണ്ട്. ഇതിനുപുറമേ ഡോക്ടറും ടെക്നീഷ്യനും സ്റ്റാഫ് നഴ്സും മറ്റുമുള്ള സംഘം ആശുപത്രിക്ക് പുറത്ത് സംഘടിപ്പിക്കുന്ന രക്തക്യാമ്പുകളിൽനിന്നും രക്തം ശേഖരിച്ച് ബ്ലഡ് ബാങ്കിൽ എത്തിക്കാറുണ്ട്.

(ഡി) ഇത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ബ്ലഡ് ബാങ്കുകളുടെ നവീകരണത്തിന് നടപടി

47 (6199) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. ബാബു :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആശുപത്രികളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ബ്ലഡ് ബാങ്കുകളുടെ നവീകരണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ചില ബ്ലഡ് ബാങ്കുകളിൽ രക്തം സ്വീകരിക്കുന്നവരിൽ നിന്നും അധിക ഫീസ് ഈടാക്കുന്നതായ പരാതിയെക്കുറിച്ചന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) ഇത്തരം പരാതികൾ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) സംസ്ഥാനത്തെ എല്ലാ താലൂക്ക് ആശുപത്രികളിലും ബ്ലഡ് ബാങ്കുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) ഇനിയും ബ്ലഡ് ബാങ്കുകൾ പ്രവർത്തിക്കാത്ത താലൂക്ക് ആശുപത്രികൾ ഏതൊക്കെയാണ് എന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഇവിടെയെല്ലാം ബ്ലഡ് ബാങ്ക് പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2010-11 സാമ്പത്തിക വർഷത്തിൽ ബ്ലഡ് ബാങ്കുകളുടെ വികസനത്തിനായി 75 ലക്ഷം രൂപ പ്ലാൻ ഇനത്തിൽ വകയിരുത്തിയിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് ബ്ലഡ് ബാങ്കുകൾക്കാവശ്യമായ വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ചുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുസംബന്ധിച്ച പരാതികളൊന്നും ലഭിച്ചിട്ടില്ല.

(സി) ബാധകമല്ല.

(ഡി) പ്രതിവർഷം 2000 യൂണിറ്റോ അതിലധികമോ രക്തം ആവശ്യമുള്ള ആശുപത്രികളിൽ മാത്രം രക്ത ബാങ്കുകൾ തുടങ്ങുകയും രക്തം ആവശ്യമുള്ള മറ്റ് ആശുപത്രികളിൽ ബ്ലഡ് സ്റ്റോറേജ് സെന്ററുകൾ തുടങ്ങുകയും വേണം എന്നാണ് നാഷണൽ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ നിഷ്കർഷിച്ചിട്ടുള്ളത്. ഈ സാമ്പത്തിക വർഷം പുതിയതായി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും താലൂക്കാശുപത്രികളിലുമായി 16 ബ്ലഡ് സ്റ്റോറേജ് സെന്ററുകൾ ആരംഭിക്കാനായി തെരഞ്ഞെടുത്തിട്ടുണ്ട്. അതിൽ 8 ആശുപത്രികൾ ഇതിനോടകം ഡ്രഗ്സ് കൺട്രോളർക്ക് അപേക്ഷ സമർപ്പിച്ചു കഴിഞ്ഞു. സംസ്ഥാനത്തെ ബ്ലഡ് ബാങ്കുകളും ബ്ലഡ് സ്റ്റോറേജ് സെന്ററുകളും നവീകരിക്കുന്നതിനും പുതിയതായി ബ്ലഡ് സ്റ്റോറേജ് സെന്ററുകൾ ആരംഭിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നാഷണൽ റൂറൽ ഹെൽത്ത് മിഷൻ വഴി നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) ബ്ലഡ് ബാങ്കുകൾ ആരംഭിക്കാത്ത താലൂക്ക് ആശുപത്രികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(എഫ്) നടപടികൾ സ്വീകരിച്ചുവരുന്നു.

രക്ത സാമ്പിളുകൾ

48 (6200) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സക്കെത്തുന്ന രോഗികളുടെ രക്ത പരിശോധനയ്ക്കായി രക്ത സാമ്പിളുകൾ എടുക്കാൻ നഴ്സുമാരും ജൂനിയർ ഡോക്ടർമാരും തയ്യാറാകാത്തതുമൂലം രോഗികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) കേന്ദ്ര സർക്കാരിന്റെ എൻ. ആർ. എച്ച്. എം. ഫണ്ടിൽ നിന്നും വേതനം നൽകി നിയമിച്ചിരുന്ന ലാബ് ടെക്നീഷ്യൻമാരെ പിരിച്ചു വിട്ടതു മൂലം ഉണ്ടായ ഈ സ്ഥിതിവിശേഷം പരിഹരിക്കുന്നതിന് പിരിച്ചു വിടപ്പെട്ട ലാബ് ടെക്നീഷ്യൻമാരെ തിരിച്ചെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly